1. ഗവൺമെന്റ് ഹൈസ്കൂൾ, ജഗതി, തിരുവനന്തപുരം.
2. ഗവൺമെന്റ് ഹൈസ്കൂൾ, കുറ്റൂർ, പത്തനംതിട്ട
3. ഗവൺമെന്റ് എം.സി.വി.എച്ച്.എസ്.എസ്. ആർപ്പുക്കര, കോട്ടയം
4. ഗവൺമെന്റ് യു.പി.സ്കൂൾ, പുതുചെപ്പ്, എറണാകുളം
5. സർവ്വജന ഹയർ സെക്കണ്ടറി സ്കൂൾ സുൽത്താൻ ബത്തേരി, വയനാട്
6. ഗവൺമെന്റ് നാഷണൽ ഹൈസ്കൂൾ, കൊടകര തൃശ്ശൂർ
7. ഗവൺമെന്റ് യു.പി. സ്കൂൾ, ബിലാത്തിക്കുളം, നടക്കാവ്, കോഴിക്കോട്
8. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, തൊടുപുഴ, ഇടുക്കി
9. ഗവൺമെന്റ് ഹൈസ്കൂൾ, ചിറക്കര, തലശ്ശേരി, കണ്ണൂർ.

(സി) ഒരു ഏക്കറോ, അതിൽ കൂടുതലോ സ്ഥല സൗകര്യമുള്ള അൺ ഇക്കണോമിക്ക് ആയ ഗവൺമെന്റ് സ്കൂളുകളാണ് ആശ്വാസ് പദ്ധതിക്കുവേണ്ടി തെരഞ്ഞെടുക്കുന്നത്. ശുദ്ധജല സൗകര്യം, ഇലക്ട്രിസിറ്റി കണക്ഷൻ, 5 കിലോമീറ്ററിനകത്ത് യു.പി. സ്കൂൾ ഉണ്ടായിരിക്കണം, 600 കുട്ടികൾക്ക് ആഴ്ചയിൽ കായിക പരിശീലനം നൽകുന്നതിനുള്ള ഗ്രൗണ്ട് ഉണ്ടാവണം, സ്കൂളിന് കോമ്പൗണ്ട് വാൾ ഉണ്ടായിരിക്കണം എന്നിവയാണ് ആശ്വാസ് പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ.

സ്കൂളുകൾ എയ്ഡഡ് ആയി ഉയർത്തുന്ന നടപടി

33 (T* 1109) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയിഡഡ് ആയി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു വിദ്യാലയങ്ങൾ എയ്ഡഡ് ആയി ഉയർത്തുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളമുൾപ്പെടെയുള്ള പ്രധാന കാര്യങ്ങൾ ഗവൺമെന്റ് ചെലവിൽ വഹിക്കുന്നതിനാൽ എന്തടിസ്ഥാനത്തിലാണ് എയ്ഡഡ് ആയി അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്ഥാപനങ്ങൾ എയ്ഡഡ് ആക്കുകവഴി മാനേജ്മെന്റിന് കോഴ വാങ്ങാൻ കൂട്ടു നിൽക്കുന്ന നടപടി ഒഴിവാക്കി സ്കൂൾ സർക്കാർ ഏറ്റെടുത്ത് മാനേജ്മെന്റിനെ കോഴയിൽ നിന്നും മോചിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

---

* T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്കൂളുകൾ എയ്ഡഡ് മേഖലയിൽ നിലവിലുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി 28-4-2014-ലെ സ.ഉ. (പി) 69/14 പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും 15-5-2015-ലെ സ.ഉ.(എംഎസ്.) 116/2015/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവി നൽകേണ്ട മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകളുടെ അന്തിമ ലിസ്റ്റ് തയ്യാറായിട്ടില്ല.

(സി) 15-5-2015-ലെ സ.ഉ.(എംഎസ്.) 115/2015/പൊ.വി.വ. 25-8-2015-ലെ സ.ഉ.(എംഎസ്.) 229/2015/പൊ.വി.വ. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക സ്പെഷ്യൽ സ്കൂളുകൾ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്നില്ലായെന്ന പോരായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായാണ് സവിശേഷ ശ്രദ്ധ വേണ്ടി വരുന്ന മേൽ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിക്കൊണ്ട് സർക്കാരിന്റെ നിയന്ത്രണം കൊണ്ടു വരുന്നതിനും ഇവർക്കായുള്ള ഭൗതിക പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളത്. ടി സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള വിഷയം ഇപ്പോൾ പരിഗണനയിലില്ല.